# യൂറിക് ആസിഡും ബംഗാളി മുത്തച്ഛനും

**മെ**യ്സ് അലുമ്നിയും യൂറിക് ആസിഡും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ? ഉണ്ടല്ലോ... യൂറിക് ആസിഡും ബംഗാളി മുത്തച്ഛന്റെ കൊച്ചുമോനും ഇല്ലായിരുന്നെങ്കിൽ ജയസൂര്യ എന്ന കൊച്ചുമനുഷ്യൻ ദുബായ്.....എന്തിന് കൊല്ലത്തിനപ്പുറം കാണില്ലായിരുന്നു.

കൊല്ലത്തെ ഒരു സാദാ പള്ളിക്കൂടത്തിലായിരുന്നു ഇദ്ദേഹത്തിന്റെ വിദ്യാഭ്യാസം (അഭ്യാസം). ഒരുവിധത്തിൽ പത്താംതരം വരെയെത്തിയപ്പോൾ എല്ലാ

തന്ത്രങ്ങളും കുതന്ത്രങ്ങളും വശമാക്കിയെങ്കിലും രസതന്ത്രം മാത്രം

പുള്ളിക്കത്ര വഴങ്ങിയില്ല. അതോടെ പത്തിൽ പൊട്ടുമെന്നുറപ്പായി. രസതന്ത്രത്തിനു പൊട്ടാതിരിക്കാൻ എന്തെങ്കിലും വഴി കണ്ടുപിടിച്ചേ പറ്റൂ.

അപ്പോഴാണ് എന്റെ മുത്തച്ഛൻ ബംഗാളിയാണെന്ന കറക്കുകഥയുമായി കാട്ടാക്കടക്കാരൻ ബിനൽ റോയ് എന്ന കഥാപാത്രം ക്ലാസിൽ പുതുമുഖമായെ ത്തിയത്. (ടിയാന്റെ മുത്തച്ഛന് കാട്ടാക്കടയിൽ പെട്ടിക്കടയാണെന്നത് പരസ്യമായ രഹസ്യം! ബംഗാൾ അറിയുമോ എന്നുചോദിച്ചാൽ അതൊരു ഉൾക്കടൽ

അല്ലേന്നു മുത്തച്ഛൻ തിരിച്ചു ചോദിക്കും) എന്തു കടയായാലും വേണ്ടീല്ല കൊച്ചുമകൻ രസതന്ത്രത്തിൽ ബഹുമിടുക്കൻ. ജയസൂര്യ അങ്ങനെ ബിനൽ റോയിയുമായി ചങ്ങാത്തം കൂടി. പരീക്ഷയ്ക്ക് ഏതു വിഷയത്തിലും നിന്നെ ഞാൻ സഹായിക്കാം. പക്ഷേ, ഒരപേക്ഷ. എനിക്ക് രസതന്ത്രത്തിന് പത്തുമാർക്കിനുള്ള ഉത്തരം നീ പറഞ്ഞുതരണം. ഉത്തരം പറഞ്ഞുതന്നാൽ നീയെനിക്ക് എന്തുതരും? ബംഗാളിയുടെ മറുചോദ്യം. എടാ എനിക്ക് എങ്ങനെയെങ്കിലും ദുബായ്ക്ക് കടക്കണം.

ഈ ആഗ്രഹം സാധിച്ചാൽ എന്നെങ്കിലും ഒരു കാലത്ത് നിന്നെ എന്റെ ചെലവിൽ ദുബായിൽ കൊണ്ടുപോയിരിക്കും. ഉറപ്പ്. ജയസൂര്യ ഹാഫ് ബംഗാളിയുടെ തലയ്ക്കടിച്ച് സത്യം ചെയ്തു. പരീക്ഷ വന്നു. അമ്പതു മാർക്കിനുള്ള ചോദ്യപേപ്പറിൽ ഒമ്പതു മാർക്കിനുള്ളതും സിലബസിനു പുറത്തുനിന്ന്. അങ്ങനെ ഒമ്പതു മാർക്ക് ഒത്തു. ബംഗാളി പറഞ്ഞുകൊടുത്ത പല ഉത്തരങ്ങളിൽ ഒന്നു മാത്രം ഭാഗ്യത്തിനു ശരിയായി. ആ ഉത്തരമാണ് നമ്മുടെ ഹീറോ “യൂറിക്ക് ആസിഡ്”. (എല്ലാ ഉത്തരങ്ങളും താൻ പറഞ്ഞുകൊടുത്തെന്നും ജയസൂര്യയ്ക്ക് അതൊ ന്നും ഉത്തരമാണെന്ന് മനസിലായില്ലെന്നും ബംഗാളി ഇപ്പോഴുംപറയു

ന്നുണ്ട്.) അങ്ങനെ ജയസൂര്യ കൃത്യം പത്തുമാർക്കിൽ രസതന്ത്രത്തിനു പാസായി.

വർഷങ്ങൾ കടന്നുപോയി. ‘നാടോടിക്കാറ്റ്’ സിനിമ സൂപ്പർ ഹിറ്റായി ഓടുന്ന സമയം. ജയസൂര്യയ്ക്ക് വീണ്ടും ഗൾഫ് മോഹം കടുത്തു. കൊല്ലത്തുനിന്ന് ഒരു ഉരു ഗൾഫിലേക്ക് പോകുന്നെന്നറിഞ്ഞ് “അസ്സലാം അലൈക്കും”, “വാ അലൈക്കും അസ്സലാമും” ഉരുവിട്ടു പഠിച്ച് അറബിക്കുപ്പായവും ഇട്ട് ജയസൂര്യയും ഒരു രാത്രി ഉരുവിൽ കയറി. “കരകാണാകടലല മേലേ മോഹപ്പൂങ്കുരുവി പറന്നേ” പാട്ടൊക്കെ പാടി കാറ്റത്തുലഞ്ഞുലഞ്ഞ് ഉരു

ഒടുവിൽ ഗൾഫ് തീരത്തെത്തി. ഇങ്ങേര് ഗൾഫിലെത്തിയ വിവരം ഇദ്ദേഹത്തിന്റെ നാട്ടിലാരും അറിഞ്ഞില്ല. ആരേയും അറിയിച്ചില്ല എന്നതു വാസ്തവം. അവധിക്കു നാട്ടിൽ

പോയാലോ? വീടിനു വെളിയിൽ ഇറങ്ങില്ല. കാരണം, ബിനൽ റോയിയെന്ന ആസിഡിന്റെ കണ്ണിൽപെട്ടാൽ തീർന്നില്ലേ കഥ. ഈ പറഞ്ഞ ആസിഡിനാണെങ്കിൽ നാട്ടിൽ പ്രത്യേ കിച്ചു പണിയൊന്നുമില്ല. മുത്തച്ഛൻ ബംഗാളിയാണെന്നു പറഞ്ഞാൽ ആരെങ്കിലും പണി കൊടുക്കുമോ? പിന്നെ വല്ലപ്പോഴും  വല്ല പൊട്ടിപ്പൊളിഞ്ഞ കക്കൂസുകളും പുതുക്കിപ്പ ണിയാൻ കിട്ടിയെങ്കിലായി. അങ്ങനെ കക്കൂസും മിനുക്കി നടക്കുന്നതിനിടയിലാണ് ബംഗാളി ആ വാർത്ത കേട്ടത്. തന്നെ ഗൾഫിൽ കൊണ്ടുപോകാൻ കാശില്ലെന്നു പറഞ്ഞ് ഒഴിഞ്ഞു നടന്ന ജയസൂര്യയും കുടുംബവും ബേയ്റൂട്ടിലും ബാങ്കോക്കിലുമൊക്കെ ഉല്ലാ സയാത്ര നടത്തുന്നു. ഉടൻ വന്നു ബംഗാളിയുടെ വിളി. എടാ..................................മോനേ................ ബാക്കി എഴുതാനും പറയാനുംവയ്യ. അടുത്ത ദിവസംതന്നെ ജയസൂര്യ സന്ദർശക വിസയ്ക്ക് അപേക്ഷ കൊടുത്തു. ജയസൂര്യയുടെ കാലക്കേടിന് അതുടനെ ശരിയായി. നാട്ടിൽനിന്ന് പുറപ്പെടുംമുമ്പ് ബിനലിന് ഒരു സ്റ്റഡി ക്ലാസ് കൊടുക്കാനും ജയസൂര്യ മറന്നില്ല. നിനക്ക് നാട്ടിൽ കക്കൂസ് പുതുക്കിപ്പണിയലാ ണെന്ന സത്യം മിണ്ടിപ്പോകരുത്. ലക്ഷ്വറി ഫ്ളാറ്റും വില്ലയുമൊക്കെ ഉണ്ടാക്കി വില്പ നയാ ണെന്ന് പറഞ്ഞാൽ മതി. നിന്റെ മുത്തച്ഛൻ ബംഗാളിയാണെന്നും കാച്ചിക്കോ.

യൂറിക്ക് ആസിഡ് കഥ മാത്രം ആരോടും പറയരുത്. പ്ലീസ്........... എല്ലാറ്റിനും സമ്മതം മൂളി ആശാൻ ദുബായിലെത്തി. ജയസൂര്യയുടെ ക്ലാസ്മേറ്റ് എന്ന ലേബലിൽ ഉമ്മൽഖു വൈനിലെ കുടുംബമേളയ്ക്കും വന്നു.

ഇതിനിടെ ബിനൽ കോതമംഗലത്ത് ജയസൂര്യയ്ക്കൊപ്പം ഒരു ബെഞ്ചിലിരുന്ന് പഠിച്ച താണെന്നും  കഥ പരന്നു. പക്ഷേ, രണ്ട് പെഗ്ഗടിച്ചപ്പോഴേ സംഗതിയൊക്കെ പാളി. നാട്ടി ലെന്താ പണി? ചോദ്യം ബിനൽ റോയിയെന്ന അതിഥിയോട്. എന്റെ തള്ളേ..... ഒള്ളതു പറഞ്ഞാൽ എനിക്കീ കക്കൂസിന്റെ മെയിന്റനൻസാ...... ഉടൻ ജയസൂര്യ ഇടപെട്ടു. ഏയ് പുള്ളി തമാശ പറയുന്നതാ. 'റെസിഡൻസാ ബിൽഡേഴ്സ് ആന്റ് ഡെവലപ്പേഴ്സ്'  എന്നു കേട്ടിട്ടില്ലേ. ഫ്ളാറ്റും വില്ലയുമൊക്കെ പണിത് വിൽക്കുന്ന

ഏർപ്പാടാ....പുള്ളിക്ക് ടോയ്ലറ്റ് പണ്ടേ ഒരു വീക്ക്നെസാണേ. അതാ അങ്ങനെ പറ ഞ്ഞത്. തല്ക്കാലം രക്ഷപ്പെട്ടു. അടുത്ത ചോദ്യം. താങ്കൾ ബംഗാളിയാണോ? അല്ല എന്റെ മുത്തച്ഛൻ ബംഗാളിയാ. അവിടെ ജയസൂര്യയുടെ തടി രക്ഷിച്ചു. മൂന്നാം ചോദ്യം- താങ്കൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട വിഷയം? രസതന്ത്രം! ജയസൂര്യയുടെ നെഞ്ചൊന്നു കാളി. പിന്നീടുള്ള സീനുകൾ നിങ്ങളൊക്കെ നേരിട്ടു കണ്ടതല്ലേ. ഒരു പെഗ്ഗ് ബെക്കാർഡിയു മായി ജയസൂര്യ ബിനലിനെ സമീപിക്കുന്നു, എടാ വാടാ നമുക്ക് അല്പം സംസാരിക്കാം എന്നു പറഞ്ഞു മയക്കി അദ്ദേഹത്തെ ബാർ കൗണ്ടറിന് അടുത്തേക്ക് ആനയിക്കുന്നു. ബംഗാളിയുണ്ടോ വിടുന്നു.  അണ്ണാ.....ആ യൂറിക്ക് ആസിഡ് കഥയുംകൂടിയൊന്നു പറ യട്ട് അണ്ണാ...... ബംഗാളി കെഞ്ചി. മിണ്ടിപ്പോകരുത്. ജയസൂര്യ അലറി. വന്നിട്ട് ഒരു ദിവസ മല്ലേ ആയുള്ളൂ. നാളെത്തന്നെ നിന്നെ ഞാൻ തിരിച്ചുവിടണോ?.

അയ്യോ.........ഇതെന്തരണ്ണാ.....ഒരാഴ്ചയെന്നു പറഞ്ഞല്ലേ അണ്ണനെന്നെ കൊണ്ടുവന്നത്. എന്നിട്ട് ഇതെന്തര്? ഇതൊരുമാതിരി മൂടുകളയണ ഏർപ്പാടായിപ്പോയി കേട്ടാ. നല്ല കിണ്ണം പോലത്തെ പൈലുകള് ഓരാന്നു ചാദിക്കുമ്പ ഒള്ളതു പറയണ്ടേ അണ്ണാ.....അടുത്ത ഫ്ളൈറ്റിനു നിന്നെ പറപ്പിക്കേണ്ടെങ്കിൽ മിണ്ടാതെ ഏതെങ്കിലും മൂലയ്ക്കിരുന്നോ. ജയ സൂര്യയുടെ അവസാനത്തെ അടവ് ഏറ്റു. പിന്നെ പിറ്റേദിവസം ഭക്ഷണം കഴിക്കാനല്ലാതെ ബംഗാളി വാ തുറക്കുന്നത് ആരെങ്കിലും കണ്ടോ? ഇല്ല. അതാണ് യൂറിക്ക് ആസിഡ്.

## പാഠം മൂന്ന്: ..........നു പറ്റിയ അമളി

**അ**ച്ഛൻ മോനെ മലയാള പാഠാവലി പഠിപ്പിക്കുന്ന തിരക്കിലാണ്. പാഠം മൂന്ന് വായിക്കെടാ.

മകൻ: പാഠം മൂന്ന്.......... പാഠം മൂന്ന്.......

അച്ഛൻ: പാഠം മൂന്ന്....ബാക്കി വായിക്കെടാ. നിനക്കെന്താ മലയാളം വായിക്കാൻ അറിഞ്ഞുകൂടെ?

മകൻ: അറിയാം. എന്നാലും ഞാൻ വായിക്കില്ല.

അച്ഛൻ: അതെന്താ? മാസം ഫീസ് എത്രയാ എണ്ണിക്കൊടുക്കുന്നതെന്ന് അറിയാമോ? വായിക്കെടാ.....പാഠം മൂന്ന്....

മകൻ: പാഠം മൂന്ന്.....പാഠം മൂന്ന്......ഞാൻ വായിക്കത്തില്ല. വായിച്ചാൽ അച്ഛനെന്നെ തല്ലും.

അച്ഛൻ: ഇല്ല മോനെ, തെറ്റിയാലും സാരമില്ല. അച്ഛൻ തിരുത്തിത്തരാം. മോൻ വായിക്ക്.

മകൻ: അച്ഛനെന്നെ തല്ലത്തില്ലല്ലോ.

അച്ഛൻ: ഇല്ല, മോൻ ധൈര്യമായിട്ട് വായിക്ക്.

മകൻ: പാഠം മൂന്ന്............ കുറുക്കനു പറ്റിയ അമളി.

അച്ഛൻ: നീയെന്താടാ എന്നെ വിളിച്ചത് കുറുക്കനെന്നോ? ഠപ്പേ.........ഠപ്പേ..................ഠപ്പേ..................

## ലെവൻ പുലിയാണ്! പക്ഷേ, കുളിരെങ്ങനെ സഹിക്കും?

**കൊ**ച്ചുകുട്ടികളെ കുളിപ്പിക്കാൻ വിളിച്ചാൽ ഒരോട്ടമുണ്ട്. വെള്ളത്തിന് അപ്പിടി തണുപ്പാ അമ്മേ എന്നു പറഞ്ഞാണ് ഈ ഓട്ടം. ഇതുപോലെ സ്വിമ്മിംഗ് പൂളിനു ചുറ്റും ഓടുന്ന ഒരു പുലിയെ സങ്കൽപിച്ചു നോക്കൂ. വെള്ളത്തിലിറങ്ങാൻ പേടിയുണ്ടായിട്ടൊന്നുമല്ല കേട്ടോ. വെള്ളത്തിന് തണുപ്പുണ്ടോ എന്നറിയാതെ എങ്ങനെ ചാടും. അത്രേയുള്ളൂ. പുലിക്കും പനി വരാല്ലോ. (മുമ്പ് മൈക്ക് കൈയിലെടുത്താൽ വിറയൽ അനുഭവപ്പെട്ടിരുന്ന ഇദ്ദേഹം ഒട്ടകത്തിന്റെ നടക്കീഴിലൂടെ നടന്ന് ആ പേടിയൊന്നു മാറ്റിയെടുത്തതേയുള്ളൂ. ഇനി ഈ കുളിരണ സൂക്കേടിന് എന്താണാവോ ഒരു പരിഹാരം.) പൂളിൽകിടന്ന് അർമ്മാദിച്ചിരുന്ന പലരോടും പുലി ചോദിച്ചു. 'മാഷേ, വെള്ളത്തിലിറങ്ങിയാൽ കുളിരുമോ?'. ഏയ്, നല്ല ചൂടുള്ള വെള്ളം, കുളിരത്തേയില്ല.ഒടുവിൽ കൈയിലേയും അരയിലേയും ഏലസിൽ പിടിമുറുക്കി സകല ദൈവങ്ങളേയും കൂട്ടുവിളിച്ച് നമ്മുടെ പുലി വെള്ളത്തിൽ ചാടാൻ ഒരുങ്ങി. അപ്പോഴല്ലേ രസം. പുലി പോലുമറിയാതെ ദാ കിടക്കണു 97 ബാച്ചിന്റെ പുലിക്കുട്ടൻ വെള്ളത്തിൽ. ഒന്നു മുങ്ങിപ്പൊങ്ങി വന്ന പുലി ചോദിച്ചു. ഞാനെങ്ങനെ വെള്ളത്തിലായി. ഏതു കാണ്ടാമൃഗം തള്ളിയിട്ടതായാലും വേണ്ടീല്ല, ഒന്നു കുളിച്ചു കേറിയേക്കാം. പക്ഷേ, ഇതെന്തൊരു കുളിരാരണ്ണാ......സഹിക്കാൻ പറ്റണില്ല.

ഇദ്ദേഹത്തെ ഇനി പുലിയെന്നു വിളിച്ചാൽ സാക്ഷാൽ പുലിക്കു പോലും നാണമാകില്ലേ. അതുകൊണ്ട് ഇനി 'കുളിര് കൃഷ്ണാ'ന്നു വിളിക്കാൻ ബുദ്ധിമുട്ടുള്ളവർ കെ.കെ. എന്നു വിളിച്ചോളൂ.

## എരുമേലി സ്വാമിയും പേട്ടതുള്ളലും

നിങ്ങളുടെ നാട് എരുമേലിയാണല്ലേ? മെയ്സ് അലുമ്നിയിലെ ഒരു സീനിയർ അംഗത്തോടാണ് ചോദ്യം. അതേ, എരുമേലിയിൽ തന്നെ. എന്താ നിങ്ങളുടെ നാടും എരുമേലിയാണോ? അംഗത്തിന്റെ മറുചോദ്യം. അല്ല, എന്റെ നാട് അല്പം വടക്കാ. അതേയ് നിങ്ങടെ നാട്ടിലാണ് പേട്ടതുള്ളൽ നടക്കുന്നത് അല്ലേ? ആണല്ലോ? ഞാനേയ് പേട്ടതുള്ളല് നേരിട്ട് കണ്ടിട്ടില്ല. അതുകൊണ്ടു ചോദിച്ചതാ. എനിക്കതൊന്ന് കാണണമെന്ന് വളരെ ആഗ്രഹമുണ്ട്. അതിനെന്താ സുഹൃത്തേ, എന്റെ കൂടെ പോന്നോളൂ. അതിന് സാറ് ഡിസംബറിൽ നാട്ടിൽ പോകുന്നുണ്ടോ? എങ്കിൽ ഞാനുമുണ്ട് സാറിന്റെ കൂടെ. എനിക്കെന്തായാലും പേട്ടതുള്ളല് കണ്ടേ പറ്റൂ. എന്റെ ഇഷ്ടാ അതിനെന്തിനാ ഡിസംബർ വരെ കാത്തുനിൽക്കുന്നത്.

ഇന്നുതന്നെ കാണിച്ചുതരാം. അതെങ്ങനെയാ ചേട്ടാ, അതിന് മണ്ഡലകാലം വരണ്ടേ? എന്റെ മാഷേ, മെയ്സ് അലുമ്നിയുടെ ഓരോ പരിപാടിക്കു ശേഷവും എന്റെ വീട്ടിൽ ഒന്നാന്തരം പേട്ടതുള്ളലല്ലേ നടക്കുന്നത്. അതു കഴിഞ്ഞാൽ ഒരു മാസത്തേക്ക് എനിക്ക് മണ്ഡലകാലവും.

സ്വാമിയേ ശരണമയ്യപ്പാ!

## കപ്പെടുത്താൽ കൊണ്ടുപോകുമോ?

**കു**ടുംബമേളയ്ക്ക് സൈപ്രസ് സ്പോൺസറെ കണ്ടതുമുതലേ ചിലർക്ക് സംസാര വിഷയം ക്രിക്കറ്റ് മാത്രമായിരുന്നു. ഒരു ഓവറു കഴിഞ്ഞാൽ ലെവനെത്ര ഗോളടിച്ചെടേ എന്നു ചോദിക്കുന്ന വിരുതൻമാർപ്പോലും ട്വന്റി

ട്വന്റി ഫൈനലിനേക്കുറിച്ചും ഇന്ത്യൻ ക്യാപ്റ്റന്റെ സൂപ്പർ സ്റ്റൈലിനെക്കുറിച്ചുമൊക്കെ വാ തോരാതെ സംസാരിച്ചു. എല്ലാവർക്കും ഉദ്ദേശം ഒന്നു മാത്രമേ ഉണ്ടായിരുന്നുള്ളൂ. തങ്ങളുടെ സംസാരം വേറെ ആരും കേട്ടില്ലെങ്കിലും സൈപ്രസ് സ്പോൺസറ് കേൾക്കണം. ക്രിക്കറ്റുമായി എന്തെങ്കിലും ബന്ധമുണ്ടെന്ന് തോന്നിയാലല്ലേ ടീമിൽ കയറിക്കൂടാൻ പറ്റൂ. ഈ വർഷം അബദ്ധത്തിലെങ്ങാനും കപ്പ് നേടിയാൽ കോളടിച്ചില്ലേ. കഴിഞ്ഞ തവണ സൈപ്രസിനു കൊണ്ടുപോയെങ്കിൽ ഇത്തവണ യാത്ര സിംഗപ്പൂരിനാക്കാമെന്ന് സ്പോൺസർ പറഞ്ഞാലോ. പരിശീലന മാച്ചിൽ ഒരു ഓവറിൽ ആറു വൈഡ് എറിഞ്ഞ് റെക്കോഡിട്ടവരുപോലും സ്പോൺസറുടെ വായിൽനിന്ന് എന്തെങ്കിലും ഓഫർ വീഴുമെന്ന് കരുതി സോപ്പിട്ടു നിന്നു. എവടെ.... അദ്ദേഹം അന്നേദിവസവും പതിവ് നമ്പറിട്ടു. ക്രിക്കറ്റോ, അതൊരു വൃത്തികെട്ട കളിയല്ലേ? ഈ വർഷം നമുക്ക് ക്രിക്കറ്റിനു പകരം കുട്ടിയും കോലും കളി മത്സരമാക്കിയാലോ?

## ഒരു പൊട്ടൻകളിയുടെ ബാക്കിപത്രം

**കു**ടുംബമേളയുടെ അന്നേ ദിവസം രാത്രി മെയ്സ് അംഗം ജിനോയിയുടെ

വീട്ടിൽ നടന്നതാണ് ഈ സംഭവം. അദ്ദേഹത്തിന്റെ പുത്രൻ ആദിസൂര്യ ഉറക്കത്തിൽനിന്ന് ചാടിയെണീറ്റ് ഒറ്റ വിളി. അയ്യോ.......അമ്മാ.....ആട്......വെളിച്ചപ്പാട്......ബ്രേക്ക്ഡാൻസ്.......

എന്താ മോനേ നിനക്കെന്തു പറ്റി? അച്ഛാ, ആട്..... മോനേ നീ സ്വപ്നം കണ്ടതായിരിക്കും, കിടന്നുറങ്ങിക്കോ. വീണ്ടും കരച്ചിൽ. അച്ഛാ, ബ്രേക്ക് ഡാൻസ്......മോന് ബ്രേക്ക് ഡാൻസ് പഠിക്കണോ?

അച്ഛൻ നാളെത്തന്നെ ബ്രേക്ക് ഡാൻസ് ക്ലാസിൽ ചേർക്കാട്ടോ, മോനിപ്പം ഉറങ്ങ്. ഇല്ലച്ഛാ....വെളിച്ചപ്പാട്......... കുട്ടിയുടെ കരച്ചിൽ നീണ്ടുപോയതല്ലാതെ ഒരു ഫലവുമുണ്ടായില്ല. ഒരു വിധത്തിൽ നേരം വെളുപ്പിച്ച് രാവിലെതന്നെ ജിനോയി ഡോ.സിന്ധുവിന്റെ ക്ലിനിക്കിലേക്ക് മോനേയും കൊണ്ട് കുതിച്ചു. ഡോക്ടർ, മോൻ ഇന്നലെ രാത്രി മുഴുവൻ ഒരു ജാതി കരച്ചിൽ. കരച്ചിലിനിടെ കുട്ടി എന്തെങ്കിലും പറഞ്ഞോ? ഉടൻവന്നു ഡോക്ടറുടെ ചോദ്യം. പറഞ്ഞു, ആട്...വെളിച്ചപ്പാട്....ബ്രേക്ക്ഡാൻസ്....എന്നൊക്കെ പറയുന്നുണ്ടായിരുന്നു. ഡോക്ടർ ഒരു ദീർഘനിശ്വാസംവിട്ടു. ഓഹോ.....അപ്പോൾ നിങ്ങളും മെയ്സ് അലുമ്നിയാണല്ലേ. അതേ, അതും കുട്ടിയുടെ കരച്ചിലുമായി എന്തു ബന്ധം ഡോക്ടർ? നിങ്ങളും ഉമ്മൽ ഖുവൈനു പോയിരുന്നോ? പോയി. അതാണ് മോന്റെ പേടിക്കു കാരണം. അതിനവിടെ പേടിപ്പെടുത്തുന്ന ഒന്നുമില്ലായിരുന്നല്ലോ ഡോക്ടർ? ഒന്നുമില്ലെ ങ്കിൽപ്പിന്നെ നിങ്ങളുടെ കൂട്ടുകാരുടെ കുട്ടികളേയും ഇതേ ലക്ഷണവുമായി ഇവിടെ കൊണ്ടുവരില്ലല്ലോ. കൂട്ടുകാരുടെ കുട്ടികളോ? അതേ ജോർജ്, ജോമി, ജയസൂര്യ, റെനി ഇവരുടെയൊക്കെ മക്കളെ ഇപ്പോൾ ഇവിടുന്നു കൊണ്ടുപോ യതേയുള്ളൂ. അവർക്കും ഇതുതന്നെ അസുഖം. അതേയ്...... ഓരോരുത്തരൊക്കെ ബ്രേക്ക്ഡാൻസ് ആണെന്നു പറഞ്ഞ് വെളിച്ചപ്പാട് തുള്ളുന്നതുപോലെ തുള്ളിയാൽപ്പിന്നെ പാവം കുഞ്ഞുങ്ങൾ എങ്ങനെ പേടിക്കാതിരിക്കും.

അയാളുതന്നെ പിറ്റേദിവസവും സ്റ്റേജിൽ വെളിച്ചപ്പാടിനെ കാണിച്ചെന്നു കുട്ടികള് പറഞ്ഞു. ശരിയാണോ? അയ്യോ അതു പുള്ളി ഡംബ്ഷിറാഡ്സ് കളിയിൽ 'കിലുക്കം' അഭിനയിച്ചു കാണിച്ചതാ ഡോക്ടറേ. എന്തു കിലുക്കമായാലും കൊള്ളാം ഇനിയെങ്കിലും ഇത്തരം പൊട്ടൻകളികൾ കളിക്കുമ്പോൾ കുട്ടികളെ അല്പം മാറ്റിനിർത്താൻ ശ്രദ്ധിക്കുക.

## ഉമ്മൽ ഖുവൈനിലെ ധ്യാനം

**താ**നെന്താടോ ഒരു പരിപാടിക്കും കുടുംബത്തെ കൊണ്ടുവരാത്തത്? അതു പിന്നെ വെള്ളിയാഴ്ചയല്ലേ, പുള്ളിക്കാരിക്ക് വേദപാഠം പഠിപ്പിക്കാൻ പോണം. മക്കൾക്ക് വേദപാഠം പഠിക്കാൻ പോകണം. ഞാൻ ഹെഡ്മാസ്റ്ററായതുകൊണ്ട് പോയില്ലെങ്കിലും വല്യ കുഴപ്പമൊന്നുമില്ല. എന്നാലും അങ്ങനെയല്ലല്ലോ, വർഷത്തിൽ ഒരിക്കലല്ലേ ഇതുപോലുള്ള ഒരു അടിപൊളി പരിപാടിയുള്ളൂ. അന്നൊരു ദിവസം ക്ലാസ് പോട്ടേന്നു വയ്ക്കണം. സത്യം പറയാല്ലോ....ഞാൻ കുടുംബത്തെ കൂട്ടാത്തത് ഇതു

കൊണ്ടൊന്നുമല്ല. എന്റെ മക്കള് നന്നായി ഡാൻസ് കളിക്കുമെന്ന് അറിയാല്ലോ. പക്ഷേ, സ്റ്റേജ് കണ്ടാൽ എന്റെ മക്കൾക്ക് പ്രാന്താ. സ്റ്റേജ് പൊളിച്ചേ അവര് ഡാൻസ് നിർത്തൂ. എനിക്കാണെങ്കിൽ മൈക്ക് കിട്ടിയാൽ അപ്പം പാടണം. ഇതൊക്കെ കണ്ട് എന്റെ ഭാര്യയ്ക്കും ഇപ്പോൾ ഒരു മോഹം. അലുമ്നിയുടെ അടുത്ത പരിപാടിക്ക് നാടോടിനൃത്തം കളിക്കണ

മെന്ന്. അതിനായി 'തകതക തെയ്യാരോ...' പാട്ടുംവച്ച് കുട്ടിപ്പാവാടയും ഇട്ട് പുള്ളിക്കാരി എന്നും പ്രാക്ടീസാ. എന്റെ ഭാര്യയെങ്ങാനും അലുമ്നിയുടെ പരിപാടിക്ക് നാടോടിനൃത്തം കളിച്ചാൽ പിന്നെ എന്റെ ഇമേജ് എന്താകും? അതുകൊണ്ട് ഉമ്മൽ ഖുവൈനിൽ ഒരു ധ്യാനത്തിനു പോകുവാണെന്നു പറഞ്ഞാ ഞാൻ മുങ്ങിയത്. അതാകുമ്പോൾ കൂടെ വര

ണോന്ന് പറയില്ലല്ലോ? അല്ല, നിങ്ങളുടെ കുടുംബത്തെയും ഇപ്പോൾ ഒരു പരിപാടിക്കും കാണാറില്ലല്ലോ. എന്തുപറ്റി? ഇതുപോലെ വല്ല പ്രശ്നവുമുണ്ടോ? ഓ, അതിത്തിരി കൂടിയ കേസാ. പണ്ടത്തെ ഡെസേർട്ട് സഫാരി ഓർക്കുന്നില്ലേ. അന്ന് ഞാൻ ബെല്ലി

ഡാൻസറോട് ഒന്നു മിണ്ടിയതാണ് പ്രശ്നം. ആ പെങ്കൊച്ച് ഡാൻസ് കളിച്ച് ക്ഷീണി ച്ചപ്പോ ഇത്തിരി വെള്ളം വേണോ കൊച്ചേന്നു ചോദിച്ചതേയുള്ളൂ. അങ്ങനെയാണെങ്കിൽ കൂടെപ്പൊയ്ക്കോളാനാണ് ഭാര്യ പറയു

ന്നത്. പക്ഷേ, അവളേയുംകൊണ്ട് സ്റ്റാൻലി മുങ്ങിയെന്നു പറഞ്ഞിട്ട് വിശ്വസിക്കണ്ടേ? ഈ പരിപാടിക്കും ബെല്ലി ഡാൻസ് ഉണ്ടോന്നറിയാനാ മോളെ കൂടെ വിട്ടിരിക്കുന്നത്. മോൾടെ റിപ്പോർട്ട് പോലിരിക്കും ഇന്നത്തെ പേട്ടതുള്ളൽ.

⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘